**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T6423 31.10.2011-ൽ മറുപടിക്ക്

**ക്വാറി പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** ചാലക്കുടി കൊടകര ഗ്രാമപഞ്ചായത്തിലെ പേരാമ്പ്രയിൽ, കെ.എം.സി.യുടെ ക്വാറി ഉഗ്രസ്ഫോടനത്തോടുകൂടി പ്രവർത്തിക്കുന്നതു മൂലം സമീപ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് വിള്ളൽ വീഴുന്നതടക്കമുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള തദ്ദേശവാസികളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** പ്രസ്തുത പരാതിക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | **(ബി)** നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം 20.10.2011ന് തൃശ്ശൂർ ജില്ലാ സീനിയർ ജിയോളജിസ്റ്റ് പരിശോധിച്ചു. നിബന്ധനകൾ പാലിച്ചു കൊണ്ടുമാത്രം ഖനന പ്രവർത്തനം തുടരാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് കെ.എം.സി. കൺസ്ട്രക്ഷൻസ് ലിമിറ്റഡിന് രജിസ്റ്റേർഡ് നോട്ടീസ് 24.10.2011ന് അയച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ച് മാത്രമേ ഖനനം നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | **സെക്ഷൻ ഓഫീസർ** |